**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1951** **15-03-2022 - ൽ മറുപടിയ്ക്ക്**

**മൃഗങ്ങളെ കൂട്ടുകളിൽ അടച്ചിട്ട് പ്രദർശന വസ്തുക്കളാക്കുന്ന പ്രവണത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗങ്ങളെ കൂട്ടുകളിൽ അടച്ചിട്ട് പ്രദർശന വസ്തുക്കളാക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | മ്യൂസിയം മൃഗശാല വകുപ്പിന് തിരുവനന്തപുരത്തും, തൃശ്ശൂരിലുമായി കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരത്തോടെ രണ്ട് മൃഗശാലകളാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം മൃഗശാലയിൽ മൃഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥ ഒരുക്കിയാണ് മൃഗങ്ങളെ പാർപ്പിച്ചു വരുന്നത്. തൃശ്ശൂരിൽ വനം വകുപ്പിന്റെ കീഴിൽ പുത്തൂർ എന്ന സ്ഥലത്ത് 300 ഏക്കറിൽ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ മൃഗശാല സജ്ജമായി വരികയാണ്. പ്രസ്തുത മൃഗശാലയുടെ പ്രവർത്തനം ആരംഭിക്കുന്ന മുറക്ക് തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങളെ അവിടേക്ക് മാറ്റി പാർപ്പിക്കുന്നതാണ്. |
| (ബി) | മൃഗശാലകൾ എന്ന സങ്കൽപ്പത്തിൽ നിന്നും സ്വാഭാവിക ആവാസ വ്യവസ്ഥകൾ എന്നതിലേക്ക് ഒരു മാറ്റം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ഇൻഡ്യയിലെ 90-ഓളം വരുന്ന മൃഗശാലകളിൽ ലാർജ്ജ് കാറ്റഗറിയിൽപ്പെടുന്ന 17 എണ്ണത്തിൽ ഉൾപ്പെടുന്നതും ഇൻഡ്യയിലെ മൃഗശാലകളിൽ ഏറ്റവും പഴക്കം ചെന്നതുമാണ് തിരുവനന്തപുരം മൃഗശാല. സ്വാഭാവിക ആവാസവ്യവസ്ഥയിലാണ് മൃഗങ്ങളെ ഇവിടെ പാർപ്പിച്ചു വരുന്നത്. തിരുവനന്തപുരം മൃഗശാലയുടെ 20 വർഷത്തെ വികസന പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ കേന്ദ്രമൃഗശാല അതോറിറ്റിയുടെ അംഗീകാരം ലഭ്യമായ മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്ത പ്രവൃത്തികളാണ് നിർവ്വഹിച്ചു വരുന്നത്. സ്വാഭാവിക ആവാസവ്യവസ്ഥ പ്രകാരം ജലപക്ഷികൾക്കായി വിശാലമായ പരിബന്ധനം, കാട്ടുപോത്തുകൾക്കായി വിശാലമായ പരിബന്ധനം, നീർനായയെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനം എന്നിവ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളാണ്. ചിത്രശലഭ ഉദ്യാനം, മൃഗങ്ങൾക്ക് മികച്ച രീതിയിൽ ഭക്ഷണം തയ്യാറാക്കുന്നതിനും ജീവനക്കാർക്ക് വിശ്രമിക്കുന്നതിനുമായി മൃഗശാല സ്റ്റോറും ഓഫീസും ചേർന്ന കെട്ടിട സമുച്ചയം തുടങ്ങിയവ ഈ സർക്കാരിന്റെ കാലത്ത് |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ച പദ്ധതികളാണ്. കൂടാതെ മെക്കാ തത്തകൾക്കായി സിംഗപ്പൂരിലെ ജുറോങ്ങ് മൃഗശാലയുടെ മാതൃകയിൽ വിശാലമായ പരിബന്ധനത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ